വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്: മുഹമ്മദുകോയ):

(എ) 1-4-78-ന് മുൻപ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയാണ് നിയമനങ്ങൾ നടത്തിയിരുന്നത്. എക്സ്ചേഞ്ച് സംവരണതത്വം പാലിച്ച് ഉദ്യോഗാർത്ഥികളെ നിർദ്ദേശിച്ചുതുടങ്ങിയതുമുതൽ ഡിപ്പാർട്ടുമെൻറിലും ആ തത്വം പാലിച്ചിട്ടുണ്ട്.

(ബി) പ്രശ്നം ഉദിക്കുന്നില്ല.

(സി) 1-4-78 മുതൽ പഞ്ചായത്തുകളിലെ നിയമനങ്ങൾ നടത്തേണ്ടത് പി. എസ്. സി. മുഖേനയാണ്. ജില്ലാ പഞ്ചായത്ത് ഓഫീസർമാർ ഒഴിവുകളുടെ എണ്ണം പി. എസ്. സി. യെ അറിയിച്ചിട്ടുണ്ട്. പി. എസ്. സി. ടി നിയമനങ്ങൾക്കുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ടി നിയമനങ്ങൾക്കുള്ള നടപടികൾ പി. എസ്. സി. പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിയമനങ്ങൾ നടത്തിയിട്ടില്ല.

താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികൾ

*808 [876] ശ്രീ. പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികൾക്ക് ഒരു ഏകീകൃത സ്റ്റാഫ് പാറേൺ നിലവിലുണ്ടോ;

(ബി) താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് വിഭാഗങ്ങൾ പ്രധാനമായും ഇ. എൻ. റ്റി., കണ്ണ്, ദന്തം, ഓർത്തോപീഡിക്സ്, ചിൽഡ്രൻസ് സ്പെഷ്യലിസ്റ്റ് വിഭാഗങ്ങൾ തുടങ്ങിയവ ഇല്ലാത്തിടത്ത് അടിയന്തിരമായി അവ തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(സി) വേണ്ടത്ര കെട്ടിട സൗകര്യങ്ങളും ഓപ്പറേഷൻ തിയേറ്ററുകളും ഇല്ലാത്തിടത്ത് കെട്ടിടങ്ങളും ഉപകരണങ്ങളും നൽകുന്നതിന് വല്ല മുൻഗണനാ നിയമങ്ങളും നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ദീർഘകാല പഴക്കമുള്ളതും ആധുനിക സൗകര്യങ്ങളൊന്നും നൽകാൻ സൗകര്യമില്ലാത്തതുമായ താലൂക്ക് ഹെഡ് കാർട്ടേഴ്സ് ഹോസ്പിറ്റലുകളിലെ ഓപ്പറേഷൻ വാർഡ് പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രികൾക്ക് മാത്രമായി പ്രത്യേക സ്റ്റാഫ് പാറേൺ ഇല്ല.

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലും ദന്തചികിൽസയ്ക്കും ശിശുചികിൽസയ്ക്കും പരിശീലനം സിദ്ധിച്ച ഡോക്ടർമാർ ഉണ്ട്. എന്നാൽ ഇ. എൻ. റ്റി., കണ്ണ് മുതലായ വിഭാഗങ്ങൾക്ക് എല്ലാ താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിലും സ്പെഷ്യലിസ്റ്റുകളും ഇല്ല. സാമ്പത്തിക ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി എല്ലാ താലൂക്ക് ആശുപത്രികളിലും ഈ വിഭാഗങ്ങളും തുടങ്ങുവാനാണ് പരിപാടി.

(സി) നിശ്ചയിച്ചിട്ടില്ല. എല്ലാ താലൂക്ക് ആശുപത്രികളിലും ഓപ്പറേഷൻ തിയേറ്റർ ഉണ്ട്. ചിലത് വേണ്ടത്ര സൗകര്യമില്ലാത്തതും പഴയതുമാണ്. അവിടെ പുതിയ വാർഡുകളും കെട്ടുമ്പോൾ അതിനോടനുബന്ധിച്ച് എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയ ഓപ്പറേഷൻ തിയേറ്റർ നിർമ്മിക്കുക എന്നതാണ് പതിവ്.

(ഡി) സാമ്പത്തിക പരിമിതിക്കനുസൃതമായി ആവശ്യമെന്ന് കാണുന്നിടങ്ങളിലെല്ലാം പുതിയ തിയേറ്ററുകളും പണിയുന്നതാണ്.

മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഭൗതിക സാഹചര്യങ്ങൾ

*809 [877] ശ്രീ. എം. കെ. കൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഭൗതിക സാഹചര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തിയ ഉപദേശക സമിതിയുടെ ഉപസമിതി സമർപ്പിച്ച റിപ്പോർട്ട് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നിർദ്ദേശമാണ് അവർ മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ റിപ്പോർട്ടിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് പറയുമോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇത്തരം ഒരു പഠനറിപ്പോർട്ട് ആശുപത്രി ഉപദേശകസമിതിയുടെ 28-2-1979-ൽ നടന്ന ചർച്ചായോഗത്തിൽ വായിച്ചുകേൾപ്പിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്.

(ബി, സി) ഉപദേശക സമിതിയുടെ ചർച്ചകൾക്കുശേഷം അതിന്റെ നിർദ്ദേശങ്ങൾ ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഈ കാര്യങ്ങൾ വ്യക്തമാക്കാൻ നിർവ്വാഹമുള്ളൂ.

കേരളാ സ്റ്റേറ്റ് സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ

*810 [878] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സഹകരണ മാർക്കറ്റിംഗ് ഫെഡറേഷന് 1977-78 വർഷത്തിൽ വന്ന നഷ്ടമെത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly